ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഈ സൗജന്യനിരക്ക് എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അയായയ്യ് ഫാറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും കിട്ടുന്ന റേറ്റിൽ കുറച്ചാണ് മീൻപിടിത്തക്കാർക്ക് വിലക്ക് കൊടുക്കുന്നതെന്നാണ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇപ്പോഴത്തെ റേറ്റെന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

നെല്ലെടുപ്പു പദ്ധതി

*൭൭൮. (൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇടയിടെ നടപ്പിൽ വരുത്തിയ പുതിയ നെല്ലെടുപ്പു പദ്ധതി പ്രകാരം എത്ര ജി. പി. തഹശീൽദാരന്മാരേയും ഫീൽഡ് ആഫീസറന്മാരേയും നിയമിച്ചിട്ടുണ്ട്;

(ബി) തൻമൂലം എത്ര ശതമാനം നെല്ല് അതിനു് മുൻപുള്ളതിൽ നിന്നും കൂടുതൽ എടുക്കാൻ സാധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പുതിയ നെല്ലെടുപ്പുപദ്ധതി പ്രകാരം കൂടുതലായി ഒരേയും നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ പുതിയ പദ്ധതി പ്രകാരം ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്മാരെ കുറയ്ക്കുവാൻ സാധിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധിക്കുമെന്നാണ് ഗവണ്മെന്റിന്റെ വിചാരം.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര ആളുകളെ കുറയ്ക്കാമെന്നാണ് വിചാരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല

ശ്രീ. ഗാസ്പർ ഡിസിൽവാ: പുതിയ നെല്ലെടുപ്പുപദ്ധതി കരിഞ്ചന്ത നടത്തുവാൻ കൂടുതൽ സഹായിക്കുന്നുണ്ടെന്നുള്ളതു് അറിയാമോ?

Mr. Speaker: That is a matter of opinion.

Sri. P. Balakrishnan Tampi: It is a matter of experience (Laughter).

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റൂൾസ്

*൭൭൯. (൨൮) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇപ്പോൾ നിലവിലുള്ള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റൂൾസ് ഗവണ്മെന്റ് അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമനത്തിനു് മുൻപു് തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലിരുന്ന നിബന്ധനകളെ കഴിവുള്ളിടത്തോളം ഏകീകൃതമാക്കി കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ തുടർന്നുവരികയാണു്.

(ബി) പുതിയ ചട്ടങ്ങളുടെ രൂപീകരണം കമ്മീഷന്റെ പരിഗണനയിൽ ഇരിക്കയാണു്. അവ ഗവർമ്മെണ്ടു് അംഗീകരിച്ചതിനുശേഷമെ പ്രസിദ്ധപ്പെടുത്തുകയുള്ളൂ.

സാഹിബ് ബഹദൂർ എ. മഹമ്മദ് മുസ്ലിയാർ: എത്ര കാലത്തിനകം ഈ രൂപകം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതു് പരിശോധിച്ചുകഴിഞ്ഞതിനുശേഷം പ്രസിദ്ധപ്പെടുത്തുന്നതാണു്.

സാഹിബ് ബഹദൂർ എ. മഹമ്മദ് മുസ്ലിയാർ: ഇപ്പോൾ നിയമനങ്ങൾ നടത്തുന്നതു് പഴയ രൂപകംവെച്ചുതന്നെയാണോ?

ശ്രീ. സി. കേശവൻ: തിരുവിതാംകൂറിലേയും കൊച്ചിയിലേയും രൂപകം നോക്കിയിട്ടാണു് നിയമനങ്ങൾ നടത്തുന്നതു്.

ശ്രീ. പി. കെ കൃഷ്ണൻശാസ്ത്രി: ഇതു് പ്രസിദ്ധപ്പെടുത്തുന്നതിനു് ഇത്ര താമസം നേരിടുന്നതെന്തുകൊണ്ടാണു്?

ശ്രീ. സി. കേശവൻ: രൂപകം അവർ പരിശോധിച്ചുകൊണ്ടിരിയ്ക്കുകയാണു്. അതു് തീർന്നിട്ടില്ലാത്തതുകൊണ്ടു് പ്രസിദ്ധപ്പെടുത്താൻ താമസം നേരിട്ടതാണു്.

ശ്രീ. എ. താണുപിള്ള: എത്രകാലമായി അവർ ഈ ജോലിചെയ്തു തുടങ്ങിയിട്ടു്?

ശ്രീ. സി. കേശവൻ: കുറെ മാസങ്ങളായി.

ശ്രീ. എ. താണുപിള്ള: കോൺസ്റ്റിറ്റ്യൂഷൻ നടപ്പിൽവന്ന ഉടനെതന്നെ ഈ ജോലി അവരെ ഏല്പിച്ചതല്ലേ?

ശ്രീ. സി. കേശവൻ: ഏല്പിച്ചതാണു്.

സാഹിബ് ബഹദൂർ എ. മഹമ്മദ് മുസ്ലിയാർ: തിരുവിതാംകൂറും കൊച്ചിയും പ്രത്യേകം പ്രത്യേകം വേറിയാ തിരിച്ചാണോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തുന്നതു്.

ശ്രീ. സി. കേശവൻ: രൂപകളെ സംബന്ധിച്ചിടത്തോളം രണ്ടു രാജ്യത്തെ രൂപകളും നോക്കിയിട്ടാണു് നിയമനം നടത്തുന്നതു്.

സാഹിബ് ബഹദൂർ എ. മഹമ്മദ് മുസ്ലിയാർ: തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേകം പ്രത്യേകം രൂപകളനുസരിച്ചാണോ നിയമനം നടത്തുന്നതു്?

ശ്രീ. സി. കേശവൻ: അതാണു് ഞാൻ പറഞ്ഞതു് രണ്ടു് രൂപകളും നോക്കിയിട്ടാണു് നിയമനം നടത്തുന്നതെന്നു്. അതു് അവർതന്നെയാണു് ചെയ്യുന്നതും.

സാഹിബ് ബഹദൂർ അബ്ദുൽ അസീസ്: തിരുവിതാംകൂറിലെ ഉദ്യോഗങ്ങൾക്കു് കൊച്ചിയിലെ രൂപകം അനുസരിച്ചാണോ ഇപ്പോൾ നിയമനം നടത്തുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: അറിയാൻ പാടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഒരു ഉദ്യോഗത്തിനു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും അപേക്ഷകന്മാർ ഉണ്ടെന്നുവരികിൽ ഇപ്പോഴും അവർക്കു് വളരെ പ്രയാസത്തിനു് ഇടയാവുകയില്ലേ?

ശ്രീ. സി. കേശവൻ: അതാണു് ഞാൻ പറഞ്ഞതു് രണ്ടു് രൂപകളും കൂടി ഏകോപിച്ചുനോക്കിട്ടു് നിയമനം നടത്തുമെന്നു്.

Sri. Eapen Arackal: I want to know whether the Public Service Commission is now functioning in compliance with the rules prescribed in Travancore and Cochin or is it only by a reference?

Mr. Speaker: In making appointments the Public Service Commission takes into consideration the Travancore rules and the Cochin rules. It is clear from the answers given that the details regarding the working of the system cannot be given without a further reference to the Commission. No useful purpose will be served by pursuing the matter further.

ശബരിമല സംഭവം

*൭൫ ൦. (൨൨) സാഹിബു് ബഹദൂർ എ. മഹമ്മദു് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമല ക്ഷേത്രത്തിലെ അഗ്നിബാധയെ സംബന്ധിച്ചു് അന്വേഷണം നടത്താൻ നിയോഗിച്ചിരുന്ന മി. കേശവമേനോൻ ഗവൺമെണ്ടിലേക്കു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പ്രസിദ്ധപ്പെടുത്തുമോ?

ചീഫു് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) അന്വേഷണം അവസാനിച്ചിട്ടില്ലാത്തതിനാൽ പ്രസിദ്ധപ്പെടുത്തുവാൻ നിവൃത്തിയില്ല.

സാഹിബു് ബഹദൂർ എ. മഹമ്മദു് മുസ്തഫാ: മി. കേശവമേനോൻ അന്വേഷണം കഴിഞ്ഞു സ്ഥലം വിട്ടിരിക്കുന്ന സ്ഥിതിക്കു് അദ്ദേഹത്തിന്റെ അന്വേഷണം പൂർത്തിയായിട്ടില്ലെന്നു പറയുന്നതെന്തുകൊണ്ടാണു്?

ശ്രീ. സി. കേശവൻ: കേസ്സിന്റെ അന്വേഷണക്കാര്യമാണു് അവസാനിച്ചിട്ടില്ല എന്നു പറഞ്ഞതു്.

Sri. P. Balakrishnan Tampi: Are the Government aware that that officer goes round in Madras and gives the idea that the Government are not taking the proper steps to prosecute the case ?

Sri. C. Kesavan: If he does so, it will be against truth.

ശ്രീ. എം. ഐ. പാപ്പു: ശബരിമല ക്ഷേത്ര ദഹനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. മന്നത്തു പദ്മനാഭൻ സംസ്ഥാനത്തു പല യോഗങ്ങളിലും പ്രസ്താവിച്ചുവരുന്നതിനെപ്പറ്റി നടപടി നടത്തേണ്ടതാവശ്യമല്ലേ? അതിനു ഗവൺമെണ്ടിനു ഭയമുണ്ടാകുമോ?

Mr. Speaker: That is a matter that relates to a separate question.

ശ്രീ. ഇട്ടിര അമ്മുക്കൻ: ഈ ശബരിമല തീവെയ്പ്പു നടത്തിയതു് ചില പ്രത്യേക സമുദായക്കാരുടെ കോൺസ്പിറസിയുടെ ഫലമായിട്ടാണെന്നു് മി. കേശവമേനോന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

മി. സ്പീക്കർ: ആ റിപ്പോർട്ടിലെ കണ്ടൻസിനെപ്പറ്റി ചോദ്യം ചോദിക്കാൻ അനുവദിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly